റാവുബഹദൂർ ടി. കെ. നായർ: അദ്ദേഹം തന്നതായ ഉപദേശങ്ങളൊക്കെ ശിരസ്സാ വഹിച്ചുകൊണ്ട് ഇവിടെ നടന്നുകൊള്ളാമെന്നു് മാത്രമേ തല്ക്കാലം ഇതിനു് മറുപടി പറയുന്നുള്ളൂ. (ചിരി).

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: ഞാൻ ഈ കാര്യങ്ങൾ ഇവിടെ പറയുന്നതു് അനുഭവം വെച്ചുകൊണ്ടാണു്. അങ്ങിനെയുള്ള അനുഭവങ്ങളെ മുഖം പിടിക്കണമെന്നു് വിശ്വസിക്കുന്നവനാണു് ഞാൻ. ഇതെല്ലാം ഉള്ളിൽ തട്ടിക്കൊണ്ടാണു് പറയുന്നതു്. അതുകൊണ്ടു് അദ്ദേഹത്തോടു പറഞ്ഞിട്ടുള്ള നിർദ്ദേശങ്ങൾ ഉപദേശങ്ങൾ ആണെന്നു് പറഞ്ഞതു് മാറണം. സർ നിർദ്ദേശങ്ങൾ തരുവാൻ വേണ്ടിട്ടാണു് എന്നെ നാട്ടിൽനിന്നു് വോട്ടർമാർ അയച്ചിട്ടുള്ളതു്. എന്നാൽ നിർദ്ദേശങ്ങൾ സ്വീകരിച്ചുവെന്നുള്ളതിൽ ഞാൻ കൃതജ്ഞനാണു്. അങ്ങിനെ ദിനംപ്രതി വളർന്നുവരുന്ന നിർദ്ദേശങ്ങൾ നിങ്ങളുടെ പിന്നിലിരിക്കുന്നവർക്കും, തൊട്ടിരിക്കുന്നവർക്കും ഉണ്ടാകട്ടെയെന്നു് പറഞ്ഞുകൊണ്ടു് ഞാൻ ഈ ഉപക്ഷേപം പിൻവലിച്ചുകൊള്ളുന്നു.

Motion, by leave, withdrawn

Demand put and carried

iii) 16—Anchal—Miscellaneous

iv) 16—Anchal—Miscellaneous

Mr. K. Ayyappan *(Minister for Works)*: I move for an additional allotment of Rs. 446 under "16-Anchal-Miscellaneous" (payment of washing allowance to Anchal men) and for Rs. 462 under" 16-Anchal-Miscellaneous" (payment of special non-curring allowance to Branch Anchal masters) സർ, ഇതു് അഞ്ചൽ ഡിപ്പാർട്ടുമെണ്ടിലെ മീനിയൽസിനു് വാഷിംങ്ങു് അലവൻസ്സു് കൊടുക്കുവാൻ കുറച്ചു താമസിച്ചുപോയി. അതു് കഴിഞ്ഞ ബഡ്ജറ്റിൽ ഉൾപ്പെടുത്തുവാൻ സാധിച്ചില്ല. അതുപോലെതന്നെ ബ്രാഞ്ചു് അഞ്ചൽ മാസ്റ്റർമാരുടെ ഒരു മാസത്തെ ബോണസ്സും കൊടുക്കുവാൻ താമസിച്ചിട്ടുണ്ടു്. ഈ രണ്ടു കാര്യങ്ങൾക്കു വേണ്ടിട്ടാണു് ഈ സപ്ലിമെണ്ടറിഗ്രാന്റു് കൊണ്ടുവന്നിട്ടുള്ളതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ: ഇതു് എല്ലാവർക്കും കൊടുക്കുമോ?

മിസ്റ്റർ കെ. അയ്യപ്പൻ: മറ്റു പണംകൊണ്ടു് എല്ലാവർക്കും കൊടുക്കും.

Demand put and carried

v) By transfer from B—I. 236.

Mr. K. Ayyappan *(Minister for Works)*: I move Re. 1—under—"By transfer from B-1—236 (urgent repairs done to the sceptic tank attached to the Civil Hospital, Trichur) ഇതു് തൃശ്ശിവപേരൂർ സിവിൽ ആസ്പത്രിയിൽ Septic tank നന്നാക്കുന്നതിനു് വേണ്ടി ചിലവാക്കീട്ടുള്ളതാണു്. ഇതു് ചീഫ് മെഡിക്കൽ ആഫീസർ ആവശ്യപ്പെട്ടതനുസരിച്ചു് ചെയ്തുകൊടുക്കുന്നതാണു്. അതുകൊണ്ടു് ഈ പണം അനുവദിച്ചുതരണമെന്നു ആവശ്യപ്പെട്ടുകൊള്ളുന്നു.

Demand put and carried.

5. LEGISLATIVE BUSINESS—GOVERNMENT BILLS

1. The Cochin Arecanut Markets Bill

Rao Bahadur T. K. Nayar *(Minister for Home Affairs)*: I move the Select Committee report on the Cochin Arecanut Markets Bill be taken into consideration.

Mr. M. Sivarama Menon (*Constitutional Adviser*): I second it.

മിസ്റ്റർ പി. കുമാരനെഴത്തശ്ശൻ: സർ, ഇതിനെപ്പറ്റി ഒന്നു് ചോദിച്ചുകൊള്ളട്ടെ. സിലക്ടു് കമ്മിറ്റിക്കയച്ചപ്പോൾ നിയമമായാൽ ഇതു് സാധിക്കുമെന്നു് ഉദ്ദേശിച്ചു് കൊണ്ടുവന്നതാണല്ലൊ ഈ ബിൽ. ഇതിനെപ്പറ്റി ആലോചിച്ചു നോക്കിയപ്പോഴും തെളിവെടുത്തു നോക്കിയപ്പോഴും ഈ കാര്യങ്ങൾ നടക്കുകയില്ലെന്നു് മനസ്സിലായി. അതിൽ ചില സജഷൻസ്സു് കൊടുത്തിട്ടുണ്ടു്. കോ-ഓപ്പറേറ്റീവു് ബേസിസ്സിൽ ഉള്ള സഹായങ്ങൾ ചെയ്യുവാനായിട്ടാണു്. ചുരുക്കത്തിൽ പറയുകയാണെങ്കിൽ അതാണു് കാര്യം. ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly